DESPATCHED
On 06/02/2020
20.1.20.



# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic@kerala.nic.in

**ഹർജി നമ്പർ CP.No.339(6)/2016/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.3023/SIC-Gen5/2016**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീമതി തുളസിലക്ഷ്മി അമ്മാൾ,<br>കരോട്ടു മഠം,<br>മീനച്ചിൽ പി.ഒ.,<br>പാലാ, കോട്ടയം–686 589. | പരാതി ഹർജിക്കാരി |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>ജൂനിയർ സൂപ്രണ്ട് (ഡി–സെക്ഷൻ),<br>താലൂക്ക് ആഫീസ്, മീനച്ചിൽ,<br>കോട്ടയം. | എതിർകക്ഷി |

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 21/01/2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 16/02/2016 |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 10/03/2016 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 17/03/2016 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 23/03/2016 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 13/04/2016 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 20/01/2020 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കോട്ടയം |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരി<br>എതിർകക്ഷി | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരിയായ ശ്രീമതി തുളസിലക്ഷ്മി അമ്മാൾ, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാളുടെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ 47 ദിവസങ്ങൾ കഴിഞ്ഞിട്ടും എതിർകക്ഷി നൽകിയില്ല എന്നും ഹർജിക്കാരി ആവശ്യപ്പെട്ട വിവരങ്ങൾ എതിർകക്ഷി ഓഫീസിൽ ലഭ്യമായിരുന്നിട്ടും ആയത് അയച്ചു നൽകാത്ത എതിർകക്ഷിയ്ക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കണമെന്നും മേൽപ്പടി വിവരങ്ങൾ നൽകാത്തത് 2008–ൽ കോട്ടയം ജില്ലയിലെ മീനച്ചിൽ വില്ലേജിൽ നടത്തിയ ഒരു അനധികൃത പോക്കുവരവിന്റെ വിശദാംശങ്ങളും അതോടൊപ്പം നടന്നിട്ടുള്ള വൻഅഴിമതിയുടെ വിശദാംശങ്ങളും വെളിപ്പെടുന്നതുമൂലം ഉണ്ടാവുന്ന നിയമനടപടികൾ ഭയന്നാണെന്നും മറ്റുമാണ്.

2. ഹർജിക്കാരി ആവശ്യപ്പെട്ടത്, 1.9.2008 മുതൽ 30.9.2008 വരെയുള്ള തീയതികളിൽ ഉൾപ്പെട്ട 2008 വർഷത്തിൽ പ്രാബല്യത്തിൽ ഉണ്ടായിരുന്നതും വില്ലേജ് ഓഫീസ് മുഖാന്തിരം വസ്തുക്കൾ പോക്കുവരവ് ചെയ്യുന്നത് സംബന്ധിച്ചുള്ള നിയമങ്ങളുടെയും ചട്ടങ്ങളുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകണമെന്നാണ്.

3. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരി 21.1.2016 തീയതി വച്ച് വിവരാവകാശ നിയമപ്രകാരം രജിസ്റ്റേർഡ് തപാലിൽ അപേക്ഷ സമർപ്പിച്ചിരുന്നു എന്നും അതോടൊപ്പം 50/- രൂപ ഫീസ് അടച്ച ചെലാനും അയച്ചു നൽകിയിരുന്നു എന്നും മേൽപ്പടി അപേക്ഷ 23.1.2016 തീയതി എതിർകക്ഷി ഓഫീസിൽ ലഭിച്ചിരുന്നു എന്നും എതിർകക്ഷി ഓഫീസിൽ നിലവിലുണ്ടായിരുന്ന ജി.ഒ.(എം.എസ്)-391/2005/ആർ.ഡി. തീയതി 16.12.2005 നമ്പർ ഉത്തരവിന്റെയും സർക്കാർ ഉത്തരവ് എം.എസ്.344/08/റവന്യു. തീയതി 16.10.2008 നമ്പർ ഉത്തരവിന്റെയും പകർപ്പുകൾ ഹർജിക്കാരിക്ക് ഡി1-837/2016/ആർ.ടി.ഐ. തീയതി 16.2.2016 ആയി 20.2.2016 തീയതി രജിസ്റ്റേർഡ് തപാലിൽ അയച്ചു നൽകിയിരുന്നു എന്നും ആയത് ഹർജിക്കാരി 23.2.2016 തീയതി കൈപ്പറ്റിയിട്ടുള്ളതാണെന്നും മറ്റുമാണ്.

4. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 20-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

us